CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# THE HOUSE OF PARAYIL
# THYCATTUSSERY
# 1991

Christian Musicological Society of India

www.TheCMSIndia.org

## ഇരുനൂറാം വാർഷികം ആഘോഷിക്കുന്ന
## തൈക്കാട്ടുശ്ശേരി സെന്റ് ആന്റണീസ് ദേവാലയം
## ഒരു തിരിഞ്ഞുനേട്ടം

പാറായിൽ കുടുംബം

പെരുനാൾ കമ്മിറ്റി

തൈക്കാട്ടുശ്ശേരി

1991

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഇരുനൂറാം വാർഷികം ആഘോഷിക്കുന്ന
# തൈക്കാട്ടുശേരി സെൻറ് ആൻറണീസ് ദേവാലയം
# ഒരു തിരിഞ്ഞുനോട്ടം

With respectful regards

29 4 2000

പി. കെ. മൈക്കിൾ തരകൻ
സെൻറർ ഫോർ ഡവലപ്മെൻറ് സ്റ്റഡീസ്
തിരുവനന്തപുരം 695 011

പാറായിൽ കുടുംബം
പെരുനാൾ കമ്മിറ്റി
തൈക്കാട്ടുശേരി
1991

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Printed at San Jose Process, Trivandrum- 695 014

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

കൊച്ചി, തിരുവിതാംകൂർ രാജചരിത്രങ്ങളിൽ പ്രമുഖമായ സ്ഥാനം പിടിച്ചിരുന്ന കരപ്പുറത്ത്, വേമ്പനാട്ടുകായലിന്റെ തീരത്തായി, ഇരുനൂറു വർഷങ്ങളുടെ പാരമ്പര്യം വിളിച്ചോതിക്കൊണ്ട് നിലകൊള്ളുകയാണ്, തൈക്കാട്ടുശേരിയിലെ വിശുദ്ധ അന്തോനീസിന്റെ നാമത്തിലുള്ള ദേവാലയം. ഈ പള്ളിയുടെ തിരുമുറ്റത്തു നിന്നാണ് കേരളത്തിലെ സുറിയാനി കത്തോലിക്കർ ഒരുകാലത്ത് സ്വജാതീയ മെത്രാന്മാർക്കുവേണ്ടിയും പാരമ്പര്യത്തിനനുസൃതമായ ഭരണക്രമത്തിനുവേണ്ടിയും കാഹളം മുഴക്കിയത്. അതിന്റെ പശ്ചാത്തലത്തിലാണ്, എറണാകുളം അതിരൂപത: ചരിത്രാവലോകനം [ed. by Jacob Arenat, Ernakulam, 1978, p. 56] എന്ന ആധികാരിക ഗ്രന്ഥം തൈക്കാട്ടുശേരിയേയും സഹോദരദേവാലയമായ എഴുപുന്നയിലെ റാഫേൽ മാലാഖയുടെ നാമത്തിലുള്ള പള്ളിയേയും "ധർമ്മസമരകേന്ദ്രങ്ങളായി" വിശേഷിപ്പിച്ചത്. ഈ ധർമ്മസമരത്തിന്റെ തുടക്കത്തിലേയ്ക്കും അതു കടന്നുപോന്ന നിർണ്ണായകമായ വഴിത്താരകളിലേയ്ക്കും കണ്ണോടിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

**ഉത്ഭവം**

ഈ പള്ളിയുടെ സ്ഥാപനത്തേക്കുറിച്ച് സജീവമായ ഒരു ഐതിഹ്യം നിലവിലുണ്ട്. അതനുസരിച്ച് ഈ ഇടവകാംഗങ്ങളായ ഉളായിപ്പള്ളി, ചാണാൻചേരി, പാറായി കുടുംബാംഗങ്ങളുടെ പിതാമഹന്മാരായിരുന്ന മൂന്നു ജേഷ്ഠാനുജന്മാർ കാട്ടൂരടുത്തുള്ള പഴുവിൽ, പഴയൂർ അന്തോനീസ് പുണ്യവാളന്റെ ഫൊറോനാ [ഇപ്പോൾ] പള്ളിപ്രദേശത്തുനിന്നും വന്നപ്പോൾ കൂടെ കൊണ്ടുവന്ന തിരുസ്വരൂപമാണ് ഇപ്പോഴും തൈക്കാട്ടുശേരി പള്ളിയിൽ വച്ചു

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വണങ്ങുന്നത്. ഇവരെ ഈ നാട്ടിലേക്കു വരുവാൻ നിർബന്ധിതരാക്കിയത് ഹൈദരിൻെറയോ ടിപ്പുവിൻെറയോ പടയോട്ടമായിരുന്നുവത്രെ.

ഐതിഹ്യം എന്തായിരുന്നാലും 1791 ൽ ഈ പള്ളി കൂദാശ ചെയ്യപ്പെട്ടു. ഇപ്പോൾ സിമിത്തേരി ഇരിക്കുന്ന സ്ഥലത്താണ് ആദ്യം പള്ളിക്കെട്ടിടം പണിതത്. രണ്ടാമതായി പണികഴിച്ച പള്ളി ഇപ്പോൾ പള്ളിമേടയിരിക്കുന്ന സ്ഥലത്തായിരുന്നു. ഇവയ്ക്കു രണ്ടും മദ്ധ്യത്തിലായി ഉദ്ദേശം 110 വർഷങ്ങൾക്കു മുൻപാണ് ഇപ്പോഴത്തെ ദേവാലയം സ്ഥാപിതമായത്. ഈ പള്ളിയുടെ ശിലാസ്ഥാപനം ഒരു ഒക്ടോബർ 4 -ാം തീയതിയാണു നടന്നതെന്നും, അതുമൂലമാണ് വി. അന്തോനീസിൻെറ തിരുനാൾ ഒക്ടോബർ 4-ാം തീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച നടത്തപ്പെടുന്നതെന്നും പറയപ്പെടുന്നു.

## ചരിത്ര പശ്ചാത്തലം

ഐതിഹ്യം അംഗീകരിക്കുന്ന പക്ഷം 1791 -നോടടുത്ത കാലത്തായിരുന്നിരിക്കണം ഈ പള്ളിയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട കുടുംബക്കാർ ഈ പ്രദേശത്തു വന്നത്. എന്നാൽ, ഡച്ച് ഈസ്റ്റ്-ഇൻഡ്യ കമ്പനിയുടെ രേഖകൾ സൂക്ഷിച്ചിട്ടുള്ള ഹേഗിലെ Algemeen Rejkarchief എന്ന രാജകീയ പുരാരേഖ ശേഖരത്തിലുള്ള 1758 ആഗസ്റ്റ് 28-ാം തീയതി, തിരുവിതാംകൂർ രാജാ കൊച്ചിയിലെ ഡച്ച് കമാൻഡർക്ക് എഴുതിയ ഒരു കത്ത് [I 155 / VOC 201 - 4222 / NN 2928 / ON 2820 / Yr 1759 / ZEVENTENDE BOEK MALABAR, Register der brevenen Papeern van Mallabar Overgekomen 1759] ഈ വിശ്വാസത്തെ തിരുത്തിക്കുറിക്കുന്നു. പ്രസ്തുത കത്തിൽ, കരപ്പുറത്തെ ക്രിസ്ത്യാനികളും അവരിൽ പ്രമുഖനായ പാറായിയും അവരുടെ മഖ്യകച്ചവട സാധനമായ കുരുമുളക്, ഇപ്പോഴും കൊച്ചിയിൽ കൊണ്ടുപോയി ഡച്ചു നിയന്ത്രണത്തിലാണ് വിൽക്കുന്നതെന്ന് അറിയുന്നുവെന്നും, ഇവർ, തിരുവിതാംകൂർ ഭരണകൂടം നിർദ്ദേശിക്കുന്ന പാണ്ടികശാലകളിൽ കുരുമുളക് ഏല്പിക്കുവാൻ ബാദ്ധ്യസ്ഥരാണെന്നും പറഞ്ഞിരിക്കുന്നു. കരപ്പുറം [ചേർത്തല താലൂക്ക് പ്രദേശം] കൊച്ചിയുടെ നിയന്ത്രണത്തിൽ നിന്നും തിരുവിതാംകൂറിൻെറ അധീശാധികാരത്തിൻകീഴിൽ വന്ന ചരിത്രകാലഘട്ട

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സ്ഥാപനങ്ങളുടെ പിറകിൽ പ്രവർത്തിച്ചതദ്ദേഹമാണ്. അദ്ദേഹത്തിന്റെയും പാറായി കുടുംബത്തിന്റെയും സഹായസഹകരണത്തോടെയാണ്, മോൺസിഞ്ഞോർ ജോസഫ് പഞ്ഞിക്കാരൻ 1920 കളിൽ തൈക്കാട്ടുശേരി, വല്യാറ പള്ളി പ്രദേശങ്ങളിൽ വേദപ്രചാര പ്രവർത്തനത്തിലേർപ്പെട്ടത് എന്ന്, മോൺ: മൂത്തേടൻ തന്റെ സേവനത്തിന്റെ മാറ്റൊലി [ധർമ്മഗിരി, 1979, p. 23]. എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ഇതുവരെ പറഞ്ഞുവച്ച ചരിത്രത്തിൽ പ്രധാനമായും മുഴച്ചുനിന്നത് ഈ പ്രദേശത്തെ ഒരു പ്രമുഖ കുടുംബത്തിന്റെ പ്രവർത്തനങ്ങളാണ്. ഇതിന്റെയർത്ഥം, ഇവർ മാത്രമാണ് തൈക്കാട്ടുശേരി ഇടവകയുടെ ചരിത്രം രചിച്ചതെന്നാണോ? അല്ല എന്ന് പ്രത്യേകം അടിവരയിട്ട് പറയേണ്ടിയിരിക്കുന്നു. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്ക് ആദ്ധ്യാത്മിക നേതൃത്വം നൽകിയ പുരോഹിത ശ്രേഷ്ഠന്മാരുടെ ശൃംഖലയേയും, മേൽപ്പറഞ്ഞ അതികായന്മാർക്ക് നേതൃത്വനിരയിൽ പ്രവേശിക്കുവാൻ വേണ്ട സഹായസഹകരണങ്ങൾ നല്കിയ ഈ ഇടവകയിലെ മറ്റംഗങ്ങളെയും അവഗണിക്കുന്നത്, ചരിത്രത്തോടുതന്നെയുള്ള അവഹേളനം ആയിരിക്കും. എന്നാൽ കഴിഞ്ഞകാലരേഖകളുടെ അടിസ്ഥാനത്തിൽ ചരിത്ര രചന നടത്തുന്ന ഒരാൾക്ക് അക്കാലത്തെ ചരിത്രകാരന്മാരുടെ സവിശേഷ ശ്രദ്ധ പിടിച്ചുപറ്റിയ കുടുംബങ്ങളുടെയും വംശാവലികളുടെയും നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും പട്ടികയാണ് തെളിവുകളായി ലഭിക്കുക. ഇതുകൊണ്ടുണ്ടാകാവുന്ന അപഭ്രംശം ഈ രചനയ്ക്കും വന്നു ഭവിച്ചുവെന്നേയുള്ളു.

ജനാധിപത്യമൂല്യങ്ങൾക്കും ജനാധിപത്യ പ്രക്രിയകൾക്കും പ്രാമുഖ്യം ലഭിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തൈക്കാട്ടുശേരി ഇടവക കൂട്ടായ പ്രവർത്തനത്തിന്റെയും സമുദായ സൗഹാർദത്തിന്റെയും മുഖമുദ്രയണിഞ്ഞ് നിൽക്കുന്നു. ഇന്നിപ്പോൾ അതികായന്മാരില്ല. ഉള്ളത് കൂട്ടായ പ്രവർത്തനം മാത്രം. കൂട്ടായ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളാണ് സെന്റ് ആന്റണീസ് ദേവാലയത്തോടൊപ്പം നിൽക്കുന്ന വിവിധ കുരിശുപള്ളികളും ഇവയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വിവിധ ഭക്തസംഘട

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നകളും. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്ത്വം നൽകുന്ന ഇപ്പോഴുള്ള ഇടവക വികാരിയച്ചനും, വിവിധ സന്യാസ-സന്യാസിനീ സമൂഹങ്ങളും ഈ നാട്ടുകാരുടെ സഹായ സഹകരണങ്ങൾക്ക് സർവ്വദാ യോഗ്യരാണ്.

തൈക്കാട്ടുശേരിയുടെ ചരിത്രത്തിലൂടെ കണ്ണോടിക്കുന്ന ഏതൊരാൾക്കും ഒരുകാര്യം വ്യക്തമാകും. കേരളകത്തോലിക്കാ സഭയ്ക്ക് പലവിധ പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടിവന്ന അവസരങ്ങളിലെല്ലാം ഈ ഇടവക സമുദായത്തിൻെറ താല്പര്യ സംരക്ഷണത്തിനായി ഓടിയെത്തിയിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ എടുത്ത നിലപാടുകൾ ശരിയോ തെറ്റോ ആയിരുന്നിരിക്കാം. തെറ്റായാലും ശരിയായാലും അവയിലുടനീളം അടിസ്ഥാനപരമായ ആത്മാർത്ഥതയുടെ അംശം കാണാം. ഇന്ന് സഭയും രാഷ്ട്രവും പുതിയ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന ഈ അവസരത്തിൽ തൈക്കാട്ടുശേരി ഇടവകക്കാരെപോലെ മറ്റുള്ളവരും ഇക്കാര്യത്തെക്കുറിച്ച് തികച്ചും ബോധവാന്മാരാകേണ്ടതാണ്. പിന്നെ ഒരു ദേവാലയത്തിൻെറ ചരിത്രം പ്രതിസന്ധികളെ തരണംചെയ്യുന്നതിൽ മാത്രമായി ഒതുക്കുവാനാകുകയില്ലല്ലോ. പ്രതിസന്ധികളിൽ തളരാതെ നിലയുറപ്പിക്കുവാൻ വേണ്ട ആദ്ധ്യാത്മിക ശക്തിയുടെ വളർച്ചയും ഇത്തരമൊരു ചരിത്രത്തിൽ പ്രസക്തമാണ്. തൈക്കാട്ടുശേരി ഇടവകക്കാരുടെ ആത്മാർത്ഥമായ വിശ്വാസം, അതിനുവേണ്ട അനുഗ്രഹം ഇത്രയുംകാലം ലഭ്യമായ അതേ സ്ത്രോതസ്സിൽ നിന്നുതന്നെ; അത്ഭുതപ്രവർത്തകനായ ''അന്തോനീസ് വല്യച്ചൻെറ'' പാദാന്തികത്തിൽനിന്നും ലഭ്യമാകും എന്നാണ്.

[തൈക്കാട്ടുശേരി പള്ളി ജൂബിലി ആഘോഷങ്ങളുടെ ഉൽഘാടന സമ്മേളനത്തിൽ അവതരിപ്പിക്കുവാനായി അന്തോനീസ് പുണ്യവാളൻെറ പെരുനാൾ കമ്മറ്റി ചെയർമാനും പ്രസിദേന്തിയുമായ എടവന്തല പാറായിൽ പി. എം. ജോസഫ് തരകൻെറ നിർദ്ദേശപ്രകാരം തയ്യാറാക്കിയത്]

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

From.

Pope Leo XIII

To

Our beloved Son, Parayil George,

O' our beloved Son: may salutation and Apostolic benediction be with you.

Being given to understand that you and your brother who wishes to follow your precedent have determined to establish an English High School in Our name for the true and scientific education of lads and to bestow the necessary endowment for its future maintenance in commemoration of our Sacerdotal Jubilee and our high estimation towards you, we are, as a token of mutual gratitude, pleased a few months ago to admit you as Knight-Commander of the Order of Aurat Militia and to invest you with the high Insignia appertaining to that order of Knights.

You are therefore free from all sorts of major excommunication, interdict and censure of any kind for

Christian Musicological Society of India
www.TheCMSIndia.org

this sake, even if you have been under the influence of the said punishments and by this Bull we admit, appoint, invest, and call you as one of the order of Grand Cross of St. Gregory the Great.

O' our beloved Son: we allow you to wear the vesture of this order of Knights, to affix a silver Star to the left breast and to use freely an octangular gold Cross with the image of St. Gregory engraved in its centre. That Cross must be fastened to a silk tapestry with blue embroidery and must be suspended from the right shoulder.

From St. Peter's Palace in Rome, under the Fisherman's Ring, on the 12th February 1889. In the eleventh year of our reign.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS